**Athmaraksha.org**

ലേഖനം - അനുഭവം, സാക്ഷ്യം

# കാൻസറിനെ അകറ്റിയ 91-ാം സങ്കീർത്തനത്തിന്റെ ശക്തി



കാൻസർ പേരുകേൾക്കുമ്പോൾ ആരായാലും ഒന്ന് ഞെട്ടും. എന്നാൽ കാൻസറിനെ ഞെട്ടിക്കാൻ മാത്രം ശക്തിയുള്ള ഒന്നുണ്ട്. അതാണ് തിരുവചനം.

തിരുവചനം ഏറ്റുപറഞ്ഞ് കാൻസറിൽ നിന്നും പരിപൂർണ്ണസൗഖ്യം നേടിയ ജീവിതസാക്ഷ്യമാണ് ഇനി പറയാൻ പോകുന്നത്. വെറും നിസ്സാരക്കാരിയായ വ്യക്തിയൊന്നുമല്ല ഇത് സാക്ഷ്യപ്പെടുത്തുന്നത് എന്നതാണ് അതിലേറെ പ്രധാനം. പ്രസിദ്ധയായ വർഷിപ്പ് ഗായിക ഡാർലിനാണ് ഈ ജീവിതസാക്ഷ്യം പങ്കുവഹിക്കുന്നത്. അമേരിക്കയിലെ മികച്ച പ്രെയ്സ് ആന്റ് വർഷിപ്പ് ഗായികയാണ് ഡാർലിൻ.

വിക്ടേഴ്സ് ക്രൗൺ, ഇൻ ജീസസ് നെയിം, അറ്റ് ദി ക്രോസ് എന്നിവയാണ് ഡാർലിന്റെ ശ്രദ്ധേയ ഗാനങ്ങൾ.

അത്ഭുതകരമായ തന്റെ രോഗസൗഖ്യത്തിന് പിന്നിലുള്ളത് 91-ാം സങ്കീർത്തനം ആണെന്നാണ് ഡാർലിൻ പറയുന്നത്. ഓരോ ദിവസവും വിശ്വാസപൂർവ്വം താൻ 91-ാം സങ്കീർത്തനം ചൊല്ലുന്നു. മരണത്തിന്റെ നിഴൽ വീണ താഴ വരയിലൂടെയാണ് താൻ നടക്കുന്നതെങ്കിലും അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല എന്നാണ് ഇപ്പോൾ ഡാർലിന്റെ വിശ്വാസം.

ദുരിതങ്ങളിലൂടെ കടന്നുപോകുമ്പോൾ നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രം. മുകളിലേക്ക് നോക്കുക..ദൈവത്തെ നോക്കുക..രക്ഷകനായ ദൈവത്തെ. ഡാർലിൻ പറയുന്നു.

രോഗകാലം തന്റെ ജീവിതത്തിലെ ഏറ്റവും കഠിനമേറിയ കാലമായിരുന്നുവെന്നാണ് ഡാർലിൻ അനുസ്മരിക്കുന്നത്. ബ്രെസ്റ്റ് കാൻസറായിരുന്നു ഡാർലിന്. ആഴമേറിയ സഹനത്തിന്റെയും വേദനയുടെയും അക്കാലത്ത് ദൈവവിശ്വാസം മാത്രമാണ് തന്നെ രക്ഷിച്ചത്.

തിരുവചനത്തിൽ പറയുന്ന ദൈവത്തിന്റെ സംരക്ഷണം സത്യമാണെന്ന് മനസ്സിലാക്കിയ നാളുകൾ. അപ്പോഴെല്ലാം ദൈവത്തെ മുറുകെപിടിച്ചു. സന്തോഷത്തിന്റെ നിമിഷങ്ങളിൽ

ദൈവത്തെ സ്തുതിക്കാൻ എളുപ്പമാണ് എല്ലാവർക്കും. പക്ഷേ സഹനത്തിന്റെ നിമിഷങ്ങളിലോ.. ഞങ്ങൾ സഹനത്തിന്റെ നിമിഷങ്ങളിലും സന്തോഷത്തിന്റെ നിമിഷങ്ങളിലെന്നതുപോലെ ദൈവത്തെ സ്തുതിച്ചു...

നിങ്ങൾ ദുരിതത്തിലാണോ..വേദനയിലാണോ..ഡാർലിൻ ചോദിക്കുന്നു.

ആരാധനയിലൂടെ, സ്തുതിപ്പിലൂടെ ദൈവകൃപ തിരിച്ചറിയുക..സത്യസന്ധമായിരിക്കുക. ജീവിതത്തിലെ എല്ലാ ദു:ഖദുരിതങ്ങളിലും വിശുദ്ധ പൗലോസിന്റെ വാക്കുകൾ ഹൃദയത്തിലുണ്ടായിരിക്കണമെന്നും ഡാർലിൻ പറയുന്നു.

എന്തെന്നാൽ മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്. നമ്മെ സ്നേഹിച്ചവൻമുഖാന്തിരം ഇവയിലെല്ലാം നാം പൂർണവിജയം വരിക്കുന്നു (റോമാ 8:37).    .
നിന്നെ പോലെ മറ്റാരുമില്ല എന്നാണ് ഡാർലിന്റെ ഒരുപ്രെയ്സ് ആന്റ് വർഷിപ്പ് ഗീതം.

There is no one like Jesus
Rescued me from darkness
Fill my life with gladness
Carrying my burdens…
എന്നിങ്ങനെ പോകുന്നു തുടർന്നുള്ള വരികൾ.

നിനക്കെന്റെ കൃപ മതിയെന്നും ബലഹീനതയിലാണ് എന്റെ ശക്തി പ്രകടമായിരിക്കുന്നത് (2 Cor 12:9) എന്നുമുള്ള തിരുവചനങ്ങളുടെ ശക്തിയിൽ ആശ്രയിച്ച് മുന്നോട്ട് പോവുകയാണ് ഡാർലിൻ.

കടപ്പാട് : hrudayavayal.com